# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1598** | **21.03.2012-ൽ മറുപടിക്ക്**

## കൃഷി ഫാമുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി ഫാമുകളുടെ നവീകരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ; | എ) സംസ്ഥാനത്ത് കൃഷി ഫാമുകളുടെ നവീകരണത്തിനായി വിവിധ പദ്ധതികൾ പുതിയതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഫാമുകളിൽ ഗ്രീൻ ഹൗസ്, പോളി ഹൗസ്, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്തു സംസ്കരണ കേന്ദ്രങ്ങൾ, വിത്തു ശേഖരിക്കുന്നതിനുള്ള സൗകര്യങ്ങൾ, പഴ സംസ്കരണ യൂണിറ്റുകൾ, മോഡൽ നഴ്സറികൾ, ഔഷധ സസ്യത്തോട്ടങ്ങൾ, ആധുനിക ശർക്കര നിർമ്മാണ യൂണിറ്റ്, കൂൺ വിത്തുൽപ്പാദനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. നടീൽ വസ്തുക്കളുടേയും വിത്തുകളുടേയും ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി പുതിയ തരം നടീൽ വസ്തുക്കൾ കേരള കാർഷിക സർവ്വകലാശാല, വിവിധ ഗവേഷണ സ്ഥാപനങ്ങൾ, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നു വാങ്ങി, ഗുണമേൻമയുള്ള നടീൽ വസ്തുക്കളും വിത്തുകളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ നൽകി വരുന്നുണ്ട്, ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും കൃഷി വകുപ്പ് ഫാമുകളിലൂടെയാണ് നടപ്പിലാക്കുന്നത്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി ഫാമുകളുടെ നവീകരണത്തിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) നടപ്പു സാമ്പത്തിക വർഷം കൃഷി ഫാമുകളുടെ നവീകരണത്തിനായി 200 ലക്ഷം രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 25 ലക്ഷം രൂപയും ചെലവഴിച്ചു വരുന്നു. ആർ.കെ.വി.വൈ പദ്ധതിയിൽ 157 ലക്ഷം രൂപയുടേയും ആർ.ഐ.ഡി.എഫ് പദ്ധതിയിൽ 344 ലക്ഷം രൂപയുടേയും പദ്ധതികൾ ഫാമുകളിൽ നടപ്പിലാക്കുന്നു. ഇതു കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ജില്ലാ പഞ്ചായത്ത് എന്നിവ മുഖേനയും ഫാമുകളുടെ നവീകരണത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) കൃഷി ഫാമുകളുമായി ബന്ധപ്പെട്ട് ജൈവകൃഷി വ്യാപന | സി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഫാം ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-13 വർഷത്തേക്ക് ജൈവ |

| | |
|---|---|
| ഊർജ്ജിതമാക്കുമോ; | കൃഷി രീതിയിൽ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും ജൈവ കൃഷി രീതികൾ കർഷകർക്ക് നേരിട്ട് കണ്ട് പഠിക്കുന്നതിനു വേണ്ടിയും വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| ഡി) നിലവിൽ ഇതിനായി പുതിയ പദ്ധതികൾ ആരംഭിക്കുവാൻ തീരുമാനമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഡി) ജൈവകൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി ജൈവകൃഷി വ്യാപിക്കുന്നതിനായി ഫാമുകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ റവന്യൂ വകുപ്പിൽ നിന്ന് കൈമാറ്റം ചെയ്ത് ലഭിച്ച 25 എക്കർ സ്ഥലത്ത് മോഡൽ ഓർഗാനിക് ഫാം എന്ന പേരിൽ ജൈവകൃഷിത്തോട്ടം സ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ജൈവ കീടനാശിനികളും ബയോ കൺട്രോൾ ഏജന്റ്സും ഫെറമോൺ ട്രാപ്പുകളും ഉപയോഗിച്ച് കീടനിയന്ത്രണം നടത്തുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുമുള്ള നിർദ്ദേശം ഫാം ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. പല ഫാമുകളിലും മണ്ണിര കമ്പോസ്റ്റ് ഉൽപ്പാദനം നടത്തുകയും മണ്ണിരകളെ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ ഫെറമോൺ കെണിയും ബയോഫെർട്ടിലൈസറായ സ്യൂഡോമോണാസും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**